# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 568 24.01.2018- ൽ ഇടക്കാല മറുപടി നൽകിയിരുന്നത്**

**ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| എ) | ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | എ) | ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സ്വീകരിച്ചു വരുന്നു.<br>• കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിന്, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിട്ടുണ്ട്.<br>• ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. 'വ്യവസായ ജാലകം' എന്ന ഈ പദ്ധതി വഴി ഒരു ലക്ഷത്തി പതിനായിരത്തിൽപരം വ്യവസായ യൂണിറ്റുകളുടേയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്<br>• സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>• സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.<br>• തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി. രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>• സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപസംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, |

| | | | |
|---|---|---|---|
| | | | സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസനപരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.<br>• സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.ഇ.ജി.പി എന്നീ പ ദ്ധതികൾ നിലവിലുണ്ട്.<br>• പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>• ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടു ണ്ട്.<br>• എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദനപ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചു വരുന്നു.<br>• പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 01.04.2017നു ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽ കുന്നതിനുള്ള പ ദ്ധതിയും പരിഗണിച്ചു വരുന്നു.<br>വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവത്കരണം, അ ടിസ്ഥാന സൗകര്യവികസനം, പൊതു സൗകര്യ സേവനങ്ങളുടെ (സി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | ചെറുകിട സംരംഭങ്ങൾക്ക് വേണ്ടി ബാങ്കുകൾ ഈടില്ലാതെ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് അപ്രകാരം ദേശസാൽകൃത ബാങ്കുകൾ/വാണിജ്യ ബാങ്കുകൾ/സഹകരണ ബാങ്കുകൾ അനുവദിക്കുന്നത്; | ബി) | ഉണ്ട്.<br>മുദ്ര പദ്ധതി വഴി 10 ലക്ഷം രൂപ വരെയുള്ള വായ്പകളും, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ & സ്മാൾ എന്റർപ്രൈസസ് (സി.ജി.റ്റി.എം.എസ്.ഇ.) സ്കീം വഴി 2 കോടി രൂപ വരെയുള്ള വായ്പകളും, പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി.) പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെയുള്ള വായ്പകളും, സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതിയിൽ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വനിതകൾക്കും 10 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള വായ്പകളും ഈടില്ലാതെ അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത്തരം ഈടില്ലാ വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | സി) | നടപ്പാക്കാൻ പോകുന്ന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും ബാങ്കുകൾ ആവശ്യപ്പെടുന്ന മറ്റ് അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് അടച്ച് വായ്പാ ലഭ്യമാക്കാവുന്നതാണ്. പി.എം.ഇ.ജി.പി. പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാതലങ്ങളിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ഇന്റർവ്യൂ നടത്തി ബന്ധപ്പെട്ട ബാങ്കിലേക്ക് അയയ്ക്കുന്നു. സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി പ്രകാരമുള്ള വായ്പക്കായി സംരംഭകർക്ക് നേരിട്ട് ബാങ്കിനെ സമീപിക്കുകയോ, സ്റ്റാൻഡ് അപ് ഇന്ത്യ പോർട്ടൽ വഴി ഓൺ ലൈനായി അപേക്ഷിക്കുകയോ, ലീഡ് ഡിസ്ട്രിക്ട് മാനേജരുടെ ഓഫീസിൽ നേരിട്ട് അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. |
| ഡി) | 2017 വർഷത്തിൽ ഇപ്രകാരം ബാങ്കുകൾ നൽകിയ വായ്പയുടെ കണക്ക് ലഭ്യമാക്കുമോ? | ഡി) | പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 710 അപേക്ഷകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2017-ൽ കേരള ഫിനാൻഷ്യൽ കോർപറേഷൻ 60 ലക്ഷം രൂപയുടെ രണ്ട് വായ്പകൾ ഈടില്ലാ വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. മുദ്ര, സ്റ്റാൻഡ് അപ്പ് ഇന്ത്യ, പി.എം.ഇ.ജി.പി പദ്ധതി എന്നിവ വഴി നൽകിയ വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | തുക(ലക്ഷത്തിൽ) |
|---|---|
| മുദ്ര | 167818.57 |
| സ്റ്റാൻഡ് അപ്പ് ഇന്ത്യ | 12145.22 |
| പി.എം.ഇ.ജി.പി | 4167.92 |
| മറ്റുള്ളവ | 541.80 |
| ആകെ | 184673.52 |

**സെക്ഷൻ ഓഫീസർ**